**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2810** **14-09-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതിയുടെ ആഭ്യന്തര ഉപഭോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തര ഉപഭോഗം കണക്കാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ സംസ്ഥാനത്തിന് പുറമെ നിന്നും ലഭ്യമാക്കുന്ന വൈദ്യുതിയുടെയും ആഭ്യന്തര ഉല്പാദനത്തിന്റെയും ആകെത്തുകയാണ് സംസ്ഥാനത്തെ ആഭ്യന്തര ഉപഭോഗമായി കണക്കാക്കപ്പെടുന്നത്. സംസ്ഥാനത്ത് വൈദ്യുതി ഭദ്രത ഉറപ്പുവരുത്തുന്നതിനായി ഉപഭോഗം മുൻകൂട്ടി കണക്കാക്കുന്നുണ്ട്. സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗത്തിൽ വർഷാവർഷം ഏകദേശം 3% മുതൽ 5 % വരെ വർദ്ധനവ് ആണ് കാണപ്പെടുന്നത്. അടുത്ത 1 വർഷം മുതൽ 5 വർഷത്തേക്ക് വരാവുന്ന ആഭ്യന്തര ഉപഭോഗത്തിന്റെ കണക്കുകൾ മുൻകൂട്ടി തിട്ടപ്പെടുത്തി അതിനനുസരിച്ച് സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുള്ള വൈദ്യുതി പുറമെ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്യുന്ന രീതിയാണ് നിലവിൽ കെ.എസ്.ഇ.ബി.എൽ. പിന്തുടരുന്നത്. മുൻവർഷങ്ങളിലെ ഉപഭോഗം കണക്കിലെടുത്തും അതാതുസമയത്തെ കാലാവസ്ഥ അനുസരിച്ചും ഓരോ മാസത്തെയും വൈദ്യുതി ഉപഭോഗം കൂടുതൽ കൃത്യതയോടെ തിട്ടപ്പെടുത്തി വരുന്നു. 2023 സെപ്റ്റംബർ മാസത്തേക്ക് മുൻകൂട്ടി കണക്കാക്കിയ ഉപഭോഗം 74.22 ദശലക്ഷം യൂണിറ്റ് ആയിരുന്നു. എന്നാൽ കാലാവസ്ഥയിൽ വന്ന മാറ്റവും മഴയുടെ ദൌർലഭ്യവും മൂലം സെപ്റ്റംബറിൽ നിലവിൽ പ്രതീക്ഷിക്കുന്ന ഉപഭോഗം 85.79 ദശലക്ഷം യൂണിറ്റ് ആണ്. |
| (ബി) | ആഭ്യന്തര ഉപഭോഗത്തിന്റെ കണക്കുകളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | 2023 ആഗസ്റ്റ് മാസത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ പ്രതിദിന ശരാശരി ഉപഭോഗം ഏകദേശം 83.42 ദശലക്ഷം യൂണിറ്റ് ആയിരുന്നു. സംസ്ഥാനത്തെ 2022-23 സാമ്പത്തിക വർഷത്തെ ആഭ്യന്തര ഉപഭോഗത്തിന്റെ **വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.** |

| | | | |
|---|---|---|---|
| (സി) | ഗാർഹിക ആവശ്യങ്ങൾക്കുള്ള കണക്റ്റഡ് ലോഡ് റെഗുലറൈസ് ചെയ്യുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | (സി) | ഉപഭോക്താക്കൾക്ക് തങ്ങളുടെ പ്രിമിസസിലെ കണക്റ്റഡ് ലോഡ് സ്വയം സാക്ഷ്യപ്പെടുത്തിയ രേഖയുടെ പിൻബലത്തിൽ മാത്രം നിയമാനുസൃതമാക്കാൻ 02.11.2018- ലെ ബോർഡ് ഉത്തരവ് പ്രകാരം കെ.എസ്. ഇ.ബി.എൽ. അനുമതി നൽകിയിരുന്നു. കണക്റ്റഡ് ലോഡ് ക്രമീകരിക്കുവാൻ ഉപഭോക്താക്കൾക്ക് ടെസ്റ്റിംഗ് ഫീസും ആപ്ലിക്കേഷൻ ഫീസും ഒഴിവാക്കി കൊണ്ടും സെക്യൂരിറ്റി ഡെപ്പോസിറ്റ് അധികമായി വരുന്നുണ്ടെങ്കിൽ അവ അടയ്ക്കുവാൻ സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതി വരെ സമയം നൽകിയുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. 31.05.2022 വരെ നിലവിലുണ്ടായിരുന്ന പ്രസ്ഇുത പദ്ധതി 15.09.2023 മുതൽ 31.12.2023 വരെ വീണ്ടും നടപ്പിലാക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | സി-ഡാക്ക് മുഖേന സംസ്ഥാനത്ത് സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | Ministry of Electronics and Information Technology (MeitY) യുടെ കീഴിലുള്ള Centre for Development of Advanced Computing (C-DAC) സ്മാർട്ട് മീറ്റർ മേഖലയിൽ ഗവേഷണവും സാങ്കേതികവിദ്യ വികസനവും നടത്തി വരുന്നു. MeitY യുടെ National Mission on Power Electronics Technology (NaMPET) ഫേസ് 3 മിഷൻ പ്രോഗ്രാമിന്റെ ധന സഹായത്തോടെ കെ.എസ്.ഇ.ബി.എൽ.-നെ ഉപയോക്തൃ ഏജൻസി ആക്കി കൊണ്ട് 'Smart Power Quality Centre in Distribution Grid' എന്ന നാമധേയത്തിൽ ഒരു പദ്ധതി സി-ഡാക് തിരുവനന്തപുരം നിർദ്ദേശിക്കുകയും കെ.എസ്. ഇ.ബി.എൽ.-ഉം സി-ഡാക്കും തമ്മിൽ ടി പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഒരു ധാരണാപത്രം ഒപ്പ് വെക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 6 പൈലറ്റ് പ്രോജക്ടുകൾ ഉണ്ട്. അതിൽ ഒരു ഉപ പ്രോജക്ട് ആയ "അഡ്വാൻസ്ഡ് മീറ്ററിംഗ് ഇൻഫ്രാസ്ട്രക്ചർ സൊല്യൂഷൻസ് ഫോർ പവർ ക്വാളിറ്റി സെന്റർ" എന്ന പ്രോജക്ടിന്റെ ഭാഗമായി സ്മാർട്ട് മീറ്റർ വികസനവും ഹാർഡ്‌വെയറിന്റെയും Head End System (HES) ന്റെയും , Meter data management system (MDMS) ന്റെയും രൂപകൽപ്പനയും ടി പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.<br><br>പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി M/s C-DAC വികസിപ്പിച്ച 25 ഓളം സ്മാർട്ട് മീറ്ററുകൾ ടെസ്റ്റിംഗ് സ്റ്റേജിൽ ആണ്. സ്മാർട്ട് മീറ്ററുകൾ പൈലറ്റ് അടിസ്ഥാനത്തിൽ ഫീൽഡ് തലത്തിൽ ഏതാനും ട്രാൻസ്ഫോർമറുകളുടെ പരിധിയിൽ സ്ഥാപിക്കുവാൻ ധാരണ ആയിട്ടുണ്ട്. അതിനു ആവശ്യമായ സ്മാർട്ട് മീറ്ററുകൾ MOU പ്രകാരം കെ.എസ്.ഇ.ബി.എൽ. |

| | | | |
|---|---|---|---|
| | | | വാങ്ങി സ്ഥാപിക്കും. ഹെഡ് എൻഡ് സിസ്റ്റം സി-ഡാക് ആണ് സ്ഥാപിക്കുന്നത്. നിലവിൽ ഏതാനും സാംപിൾ സ്മാർട്ട് മീറ്ററുകളുടെ ഹെഡ് എൻഡ് സിസ്റ്റവുമായുള്ള സംയോജനവും ആശയവിനിമയ സംവിധാനവും വികസിപ്പിക്കുന്നതിനായുള്ള പ്രവർത്തനവും നടന്നു വരുന്നു. ടി പൈലറ്റ് പ്രോജക്ടിന്റെ ഫലപ്രാപ്തി കണക്കിലെടുത്തു മാത്രമേ വാണിജ്യ അടിസ്ഥാ നത്തിലുള്ള വിന്യാസം സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Classwise consumer statistics as on 31.03.2023 | | | |
|---|---|---|---|
| Category | No. of consumers as on 31.03.2023 | Consumption | Connected Load/ Contract Demand |
| | Nos | MU | MW/MVA |
| **I. Energy sales by KSEBL** | | | |
| Domestic | | | |
| LT I | | | |
| Paying group | 10364447 | 12379.38 | 20939.97 |
| Non Paying Group | 11631 | 0.83 | 2.82 |
| HT V(Domestic) | 131 | 19.07 | 12.53 |
| LT II Colonies | | 0.82 | 0.00 |
| | | | 0.00 |
| Commercial | | | |
| LT(LT III,LT VII,LT IX) | 1703173 | 2261.54 | 2934.26 |
| HT IV | 2484 | 815.01392 | 407.35 |
| Public Lighting LT VIII | 64375 | 362.30 | 208.98 |
| | | | 0.00 |
| Irrigation & Dewatering | | | |
| LT V | 518337 | 382.46 | 1018.02 |
| HT III | 65 | 9.06 | 14.43 |
| | | | 0.00 |
| Industrial | | | |
| LT IV | 146586 | 1262.01 | 1914.09 |
| HT I | 2887 | 2485.99 | 1014.49 |
| | | | 0.00 |
| General | | | |
| LT VI | 831505 | 1797.62 | 2248.60 |
| HT II | 1624 | 922.63 | 331.89 |
| EHT 66KV Industrial | 13 | 231.07 | 77.05 |
| EHT 110KV Industrial | 20 | 715.56 | 168.70 |
| EHT 220KV Industrial | 1 | 225.70 | 50.00 |
| EHT General | 6 | 67.91 | 27.16 |
| LT X Electric vehicle charging stations | 1536 | 2.56 | 16.80 |
| HT VI Electric vehicle charging stations | 3 | 0.53 | 1.29 |
| Railway Traction EHT | 13 | 388.90 | 111.00 |
| KMRL | 3 | 13.43 | 6.10 |
| Bulk Supply consumers/Licensees | 11 | 579.13 | 114.27 |
| **Total** | 13641590 | 18449.5 | 29283.54 |
| **HT & EHT & Bulk licensee Total** | 7261 | 6473.99 | 2336.24 |
| **Grand total** | **13648851** | **24923.51** | **29283.54/ 2336.243** |

സെക്ഷൻ ഓഫീസർ